Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

**സർക്കുലർ: 11/2024**

ഈശോയിൽ പ്രിയ അച്ചന്മാരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ,

നമ്മുടെ കർത്താവായ ഈശോയുടെ തിരുപിറവിയുടെ ക്രിസ്മസ് ആഘോഷങ്ങളിലേക്ക് നാം പ്രവേശിക്കുന്ന ഈ സന്ദർഭത്തിൽ പ്രത്യാശയോടും സന്തോഷത്തോടും കൂടി ഉണ്ണിയീശോയെ നമ്മുടെ ഹൃദയങ്ങളിലേക്കും ഭവനങ്ങളിലേക്കും സ്വീകരിക്കാം. ക്രിസ്മസ് സ്നേഹത്തിന്റെയും സമാധാനത്തിന്റെയും വലിയ തിരുനാൾ ആണ്. ഈശോയുടെ തിരുഹൃദയത്തിന് പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന നമ്മുടെ അതിരൂപതയെയും നമ്മെയും സംബന്ധിച്ചിടത്തോളം തിരുഹൃദയത്തിന്റെ കൂട്ടായ്മയിൽ നിലനില്ക്കാനുള്ള ആഹ്വാനമാണ് ഈ തിരുനാൾ നല്കുന്നത്. ഈശോയുടെ തിരുഹൃദയം വാഗ്ദാനം ചെയ്തിട്ടുള്ള അനുഗ്രഹങ്ങൾ നമ്മുടെ അതിരൂപതയിലും ഇടവകകളിലും സ്ഥാപനങ്ങളിലും കുടുംബങ്ങളിലും സർവോപരി നമ്മിലോരോരുത്തരിലും നിറയട്ടെ. കഴിഞ്ഞ ക്രിസ്മസ് കാലത്താണ് പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പാ വിശുദ്ധ കുർബാന അർപ്പണരീതി സംബന്ധിച്ച തീരുമാനം അനുസരിച്ചുകൊണ്ട് അതനുസരിച്ച് വിശുദ്ധ കുർബാന അർപ്പിക്കണം എന്ന് സ്നേഹത്തോടും പിതൃവാത്സല്യത്തോടുംകൂടി നമ്മെ ആഹ്വാനം ചെയ്തിട്ടുള്ളതാണല്ലോ. സഭാധികാരികളെ അനുസരിച്ചുകൊള്ളാമെന്ന നമ്മുടെ പ്രതിജ്ഞ അനുസരിച്ചുകൊണ്ട് പരിശുദ്ധ പിതാവിന്റെ ആഹ്വാനം നിറവേറ്റാൻ നമുക്ക് പ്രതിജ്ഞാബദ്ധരാകാം.

വളരെ പ്രധാനപ്പെട്ടതും നമ്മുടെ അതിരൂപതയ്ക്ക് സന്തോഷം നൽകുന്നതുമാണ് നമ്മുടെ 16 ഡീക്കന്മാരുടെ തിരുപട്ട സ്വീകരണം. 2024 ഡിസംബർ 27-ആം തീയതി വെള്ളിയാഴ്ച രാവിലെ 9.30-ന് തൃക്കാക്കര 'നൈപുണ്യ പബ്ളിക് സ്കൂൾ' അങ്കണത്തിൽ വച്ചാണ് തിരുപട്ടദാന ശുശ്രൂഷകൾ ഒരുക്കിയിട്ടുള്ളത്. നമ്മുടെ ഡീക്കന്മാർക്കുവേണ്ടി പ്രാർഥിക്കാം. ഈശോയുടെ തിരുഹൃദയത്തിന് അനുരൂപരായി വൈദിക ശുശ്രൂഷ നിർവഹിക്കുന്നതിന് അവർക്കു സാധിക്കട്ടെ. സിനഡ് തീരുമാനിച്ചിട്ടുള്ള ഏകീകൃത വിശുദ്ധ കുർബാന (uniform mode) മാത്രമേ അവർക്കു അർപ്പിക്കാനാവൂ എന്ന് നമുക്ക് അറിയാവുന്നതാണല്ലോ. അതിനുള്ള സാഹചര്യം സൃഷ്ടിക്കപ്പെടേണ്ടതുമുണ്ട്. എത്രയും വേഗം അത്തരം ഒരു സാഹചര്യം നമ്മുടെ അതിരൂപതയിൽ പൂർണ്ണമായും സംജാതമാക്കപ്പെടാൻ എളിമയോടെ സഹകരിക്കാം.

Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

2025 മഹാജൂബിലി വർഷമായി ഫ്രാൻസിസ് മാർപാപ്പ ആഹ്വാനം ചെയ്തിട്ടുള്ളതാണല്ലോ. മാർപാപ്പ നിർദേശിച്ചിട്ടുള്ളതുപോലെ ഡിസംബർ 29-ആം തീയതി ലോകത്തിലെ എല്ലാ രൂപതാദ്ധ്യക്ഷന്മാരും അതാത് രൂപതാ കത്തീഡ്രൽ പള്ളിയുടെ കവാടം തുറന്ന് കൊണ്ടാണ് ജൂബിലി വർഷാഘോഷങ്ങൾക്ക് തുടക്കം കുറിക്കേണ്ടത്. 'പ്രത്യാശയുടെ തീർഥാടകർ' എന്നതാണ് മഹാജൂബിലി വർഷത്തെ പ്രമേയം. ക്രൈസ്തവർ എല്ലാവരും സ്വർഗീയ ജറുസലേമിലേയ്ക്ക് തീർഥാടനം ചെയ്തുകൊണ്ട് പ്രത്യാശാനിർഭരരായി ജീവിക്കാൻ വിളിക്കപ്പെട്ടവരാണല്ലോ. ജൂബിലി വർഷം സമുചിതമായി ആചരിക്കുന്നതിനും നമ്മുടെ വിശ്വാസജീവിതത്തെ ശക്തിപ്പെടുത്തുന്നതിനും ഉണ്ണിയീശോ നമ്മെ അനുഗ്രഹിക്കട്ടെ.

എല്ലാവർക്കും ക്രിസ്മസിന്റെയും പുതുവത്സരത്തിന്റെയും നന്മകൾ നേർന്നുകൊണ്ട്,

ഈശോയിൽ സ്നേഹപൂർവം,

+ [signature]

**+ ബിഷപ്പ് ബോസ്കോ പുത്തൂർ**
അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ
എറണാകുളം-അങ്കമാലി അതിരൂപത
21-12-2024

MAJOR ARCHEPARCHIAL CURIA • ERNAKULAM-ANGAMALY